പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | | | |
|---|---|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823 | | 20.07.2011ൽ മറുപടിയ്ക്ക് | |
| അംഗൻവാടികളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടികളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ അംഗൻവാടികളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അംഗൻവാടി വർക്കറായി നിയമിക്കുന്നവർ എസ്.എസ്.എൽ.സി ജയിച്ചവരും 18-നും 44-നും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കണം.<br>2. അംഗൻവാടി ഹെൽപ്പറായി നിയോഗിക്കുന്നവർ 18-നും 44-നും മദ്ധ്യേ പ്രായമുള്ളവരും എഴുത്തും വായനയും അറിയുന്നവരുമായിരിക്കണം.<br>3. മേൽ പ്രകാരം വർക്കർ/ ഹെൽപ്പർമാരായി നിയോഗിക്കുന്നവർ അംഗൻവാടി സെന്റർ സ്ഥിതി ചെയ്യുന്ന വാർഡിൽ സ്ഥിരതാമസക്കാരായ വനിതകൾ ആയിരിക്കണം.<br>4. നിർദ്ദിഷ്ട യോഗ്യതയുള്ളവർ അതേ വാർഡിൽ ഇല്ലായെങ്കിൽ അംഗൻവാടി സെന്റർ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് പ്രദേശത്ത്/ മുൻസിപ്പൽ/കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | പ്രദേശത്ത് സ്ഥിരതാമസക്കാരായ വനിതകളെ പരിഗണിക്കാവുന്നതാണ്.<br>5. സേവനതൽപരതയും മതിയായ ശാരീരിക ശേഷിയുള്ളവരും പ്രാദേശികമായി സ്വീകാര്യതയുള്ളവരുമായിരിക്കണം തെരഞ്ഞെടുക്കപ്പെട്ട വനിതകൾ.<br>6. മുൻപരിചയവും പ്രായക്കൂടുതലുമുള്ളവർക്ക് മുൻഗണന.<br>7. മുകളിൽ പറഞ്ഞ യോഗ്യതയുള്ളവരെ വാർഡ് മെമ്പർ ചെയർമാനായുള്ള അംഗൻവാടി വെൽഫെയർ കമ്മിറ്റി തെരഞ്ഞെടുത്ത് താൽക്കാലികമായി നിയോഗിക്കുന്നതിന് സിഡിപിഒയ്ക്ക് ശുപാർശ ചെയ്യണം. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിഡിപിഒ അവരെ താൽക്കാലിക വർക്കർ/ഹെൽപ്പറായി നിയോഗിക്കുന്നു. ഇവരുടെ നിയമന കാലാവധി 6 മാസമായിരിക്കും. 6 മാസക്കാലയളവിലേക്ക് നിയോഗിച്ച വ്യക്തിയെ തുടർന്ന് 6 മാസക്കാല ഇടവേള നൽകി മാത്രമേ നിയോഗിക്കാവൂ. |
| (ബി) | ഐ.സി.ഡി.എസ് മാനുവലിനും കേന്ദ്ര/സംസ്ഥാന നിർദ്ദേശങ്ങൾക്കും വിരുദ്ധമായി അംഗൻവാടി പ്രവർത്തകരെ തെരഞ്ഞെടുത്തതിന് ഏതെങ്കിലും കോടതികളിൽ കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ | (ബി) | ഉണ്ട്. WP©No. 25614/2009 നമ്പരായി ഫയൽ ചെയ്തിട്ടുള്ള പ്രസ്തുത പെറ്റീഷനിൽ ബഹു. ഹൈക്കോടതി സെലക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം സ്റ്റേ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | | |
| (സി) | അംഗൻവാടികളിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (സി) | അംഗൻവാടികളിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു. a. താൽക്കാലിക നിയമനം ലഭിച്ച അംഗൻവാടി വർക്കർ/ ഹെൽപ്പർമാരിൽ 31.10.10 വരെയുള്ള കാലയളവിൽ 6 മാസമോ അതിലധികമോ സേവനദൈർഘ്യ മുള്ളവരുടെ സീനിയോരിറ്റി ലിസ്റ്റ് സിഡിപിഒ തയ്യാറാക്കുന്നു.<br>b. സീനിയോരിറ്റി അടിസ്ഥാനത്തിൽ സിഡിപിഒ തയ്യാറാക്കുന്ന പഞ്ചായത്ത് തല ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിദ്യാഭ്യാസയോഗ്യത,വയസ്സ്,സ്ഥിര താമസം, മുൻകാലപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്ത്തല കമ്മിറ്റി പരിഗണിച്ച് ലിസ്റ്റിന് അംഗീകാരം നൽകുന്നു.<br>c. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും അതത് ഗ്രാമ പഞ്ചായത്ത് മെമ്പർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർ മെമ്പറും സിഡിപിഒ കൺവീനറു |

| | | | |
|---|---|---|---|
| | | | മായുള്ള കമ്മിറ്റിയാണ് ഡോക്കുമെന്റ് വെരിഫിക്കേഷൻ നടത്തുന്നത്.<br>d. ഗവ.ഉത്തരവിന് വിധേയമാ യിട്ടാണോ ലിസ്റ്റ് തയ്യാറാക്കി യിരിക്കുന്നതെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ ടി ലിസ്റ്റിന് അംഗീകാരം നൽകുന്നു.<br>e. ഈ ലിസ്റ്റിൽ നിന്നുമാണ് താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ